മേൽപ്പറഞ്ഞ രേഖകൾ ഒന്നും മതിയായ കാരണത്താൽ ഹാജരാക്കാൻ അപേക്ഷകന് കഴിയുന്നില്ലായെങ്കിൽ മേൽ വിലാസത്തിനും, വയസ്സിനുമുള്ള തെളിവായി എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്, ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, നോട്ടറി പബ്ലിക് എന്നിവരിൽ ആരുടെ എങ്കിലും സാന്നിധ്യത്തിൽ ഉള്ള അപേക്ഷകന്റെ സത്യവാങ്മൂലവും തെളിവായി സ്വീകരിക്കാവുന്നതാണ്.

(സി) 1989-ലെ കേന്ദ്ര വാഹനചട്ടത്തിലെ ചട്ടം 4 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള പേ സ്ലിപ്പ് ഒഴികെ മറ്റ് സർട്ടിഫിക്കറ്റുകൾ മേൽവിലാസത്തിന്റെ തെളിവായി ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 27 (ബി) പ്രകാരം ലേണേഴ്സ് ലൈസൻസുമായി ബന്ധപ്പെട്ട രേഖകൾ സംബന്ധിച്ച് തീരുമാനം എടുത്തിരിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. സംസ്ഥാന സർക്കാരിന് മേൽവിലാസത്തിനായുള്ള രേഖകൾ നിർദ്ദേശിക്കുന്നതിന് അധികാരം ഉണ്ടെങ്കിലും തല്ക്കാലം അത്തരം നിർദ്ദേശങ്ങൾ പരിഗണനയിലില്ല.

**വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് നടത്തുന്ന ബോട്ട് സർവ്വീസ്**

**190 (787)** ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ് എത്ര ബോട്ടുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട് ; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ;

(ബി) അതിൽ എത്ര ബോട്ടുകൾ പ്രവർത്തിപ്പിക്കാൻ കഴിയാതെ കരയ്ക്ക് കയറ്റി വച്ചിട്ടുണ്ട് ; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ;

(സി) ഏറെ ജനത്തിരക്കുള്ള എറണാകുളം നഗരത്തിൽ തേവരയിൽ നിന്നും കാക്കനാട്ടേക്ക് വാട്ടർ സർവ്വീസ് തുടങ്ങുന്നതിനുവേണ്ടി വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജലഗതാഗത വകുപ്പ് ഇപ്പോൾ 48 ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| എറണാകുളം | – | 8 |
| ആലപ്പുഴ | – | 27 |
| കോട്ടയം | – | 7 |
| കൊല്ലം | – | 4 |
| കാസർകോട് | – | 2 |

LIBRARY ARCHIVES Kerala Legislative Assembly

(ബി) വകുപ്പിന് ഒരു വർക്ക്ഷോപ്പ് ബോട്ട്, ഒരു പൈലറ്റ് ബോട്ട്, ഒരു സ്പീഡ് ബോട്ട് എന്നിവ ഉൾപ്പെടെ 87 ബോട്ടുകളാണുള്ളത്. അതിൽ 6 ബോട്ടുകൾ ലേലത്തിനായി മാറ്റിയിട്ടിരിക്കുന്നു. ബാക്കിയുള്ള 81 ബോട്ടിൽ 3 എണ്ണമൊഴികെ 78 ബോട്ടുകളിൽ 48 ബോട്ടുകൾ സർവ്വീസ് നടത്തുന്നു. കരയ്ക്ക് കയറ്റിവെച്ചിരിക്കുന്നതും റിപ്പയറിനായി കാത്തുകിടക്കുന്നവയുമായ ബോട്ടുകളുടെ വിവരം താഴെ കൊടുക്കുന്നു:

| ജില്ല | കരയ്ക്ക് കയറ്റിവെച്ച ബോട്ടുകളുടെ വിവരം | റിപ്പയറിനായി കാത്തു കിടക്കുന്ന ബോട്ടുകളുടെ വിവരം |
|---|---|---|
| ആലപ്പുഴ | 5 | 13 |
| കണ്ണൂർ | 3 | 1 |
| എറണാകുളം | 2 | 5 |
| കൊല്ലം | ... | 1 |
| | 10 | 20 |

(സി) തേവരയിൽ നിന്നും ചമ്പക്കര കനാലിൽകൂടി കാക്കനാട്ടേക്ക് സർവ്വീസ് നടത്തുന്നതിനുള്ള സാധ്യതാ പഠനത്തിനായി എറണാകുളം ട്രാഫിക് സൂപ്രണ്ടിനെ സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ ചുമതലപ്പെടുത്തിയതനുസരിച്ച് ടിയാൻ നൽകിയ റിപ്പോർട്ടിൽ എൻ.എച്ച്. ബൈപ്പാസിലെ മരടു പാലത്തിന്റെ വടക്കുഭാഗത്തുനിന്നും (തൈക്കൂട്ടം ജെട്ടി) യാത്രക്കാരെ കിട്ടുവാൻ സാദ്ധ്യത വളരെയേറെയാണെന്നും ആലപ്പുഴ അരൂർ ഭാഗത്തുനിന്നും എറണാകുളം കളക്ടറേറ്റിലേക്ക് പോകുന്ന യാത്രക്കാർക്ക് വൈറ്റിലയിലെ ഗതാഗത കുരുക്കിൽപ്പെടാതെ വളരെ കുറഞ്ഞ സമയംകൊണ്ട് കാക്കനാട് എത്തിച്ചേരുവാൻ ടി ഫെറി സർവ്വീസ് ഉപയോഗപ്പെടുമെന്നും മനസ്സിലായിട്ടുണ്ട്. കൂടാതെ വൈക്കം, തൃപ്പൂണിത്തുറ മേഖലയിൽ നിന്നും വരുന്ന യാത്രക്കാർക്കും ഗതാഗതകുരുക്കിൽപ്പെടാതെ കുറഞ്ഞ സമയത്തിനുള്ളിൽ കാക്കനാട് എത്തുവാൻ സാധിക്കും. വൈറ്റിലയിൽ നിന്നും കാക്കനാട്ടേക്ക് എത്തുവാൻ ബസ്സ് മാർഗ്ഗം ഒരുമണിക്കൂറിൽ കൂടുതൽ എടുക്കും. എന്നാൽ തൈക്കൂട്ടത്തുനിന്നും 35 മിനിട്ടും, ചമ്പക്കരയിൽ നിന്നും 30 മിനിട്ടും മാത്രമേ ബോട്ടു സർവ്വീസിനു വേണ്ടിവരികയുള്ളൂ. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 10-12-2010-ൽ ഗതാഗതവകുപ്പുമന്ത്രി, എറണാകുളം എം.എൽ.എ ഡൊമിനിക് പ്രസന്റേഷൻ എറണാകുളം ജില്ലാ കളക്ടർ, എന്നിവരുടെ നേതൃത്വത്തിൽ ടി റൂട്ട് പരിശോധിക്കുകയുണ്ടായി. ടി റൂട്ടിലുള്ള ബോട്ട് സർവ്വീസ് പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാണെന്ന് കണ്ടതിനാൽ ടി സർവ്വീസ് ഉൾപ്പെടെ എറണാകുളം മേഖലയിലെ സർവ്വീസ് വികസനത്തിനായി പുതിയ ബോട്ടുകൾ വാങ്ങുന്നതിന് 2.5 കോടി രൂപ 2011-12 വർഷത്തേക്ക് ബജറ്റ് വിഹിതമായി പ്ലാൻ സ്കീമിൽ അധികമായി അനുവദിക്കുന്നതിന് പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly